## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6342.** **20.11.2019 ൽ മറുപടിയ്ക്ക്**

### ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കർമ്മ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഡീ അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്താകെ വിമുക്തി മിഷനു കീഴിൽ 14 ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളോട് ചേർന്ന് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തന വിപുലീകരണം, സെന്ററുകളുടെ ശാക്തീകരണം എന്നിവ കൂടി ലക്ഷ്യമാക്കി 1/11/2019 മുതൽ 30/01/2019 വരെ 'നാളത്തെ കേരളം ലഹരിമുക്ത നവ കേരളം' എന്ന പേരിൽ നടക്കുന്ന 90 ദിന തീവ്രയത്ന പരിപാടി ആരംഭിക്കുകയും ആയത് മികച്ച രീതിയിൽ മുന്നോട്ടു പോവുകയും ചെയ്യുന്നുണ്ട്. |
| (ബി) | ലഹരി വിരുദ്ധ സന്ദേശം സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനും വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | വിദ്യാർഥികളിൽ ലഹരിയ്ക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻ നിർത്തി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ കോളേജ് തലത്തിൽ 507 ഉം സ്കൂൾ തലത്തിൽ 3438 ഉം ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകൾക്കായി വിമുക്തി മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പി.റ്റി.എ. സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയുമായി നിരന്തര ആശയ വിനിമയം നടത്തിവരുന്നു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി. എന്നിവയുമായി സഹകരിച്ച്കൊണ്ട് വിദ്യാർഥികൾക്കിടയിലും, യുവജനങ്ങൾക്കിടയിലും ബോധവൽക്കരണ പ്രവർത്തനം നടത്തിവരുന്നു.<br>വിദ്യാർഥികളിൽ ലഹരിവിരുദ്ധ ചിന്ത പകരുന്നതായ വിഷയങ്ങൾ ഉൾപ്പെടുത്തി ഉപന്യാസരചന, ചിത്രരചന, കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, പ്രസംഗം എന്നിവ നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ ആശയങ്ങൾ ഉൾക്കൊണ്ട ഹ്രസ്വചിത്ര മത്സരം സംഘടിപ്പിച്ചിട്ടുണ്ട്. "നാളത്തെ കേരളം ലഹരിമുക്ത നവകേരളം" എന്ന പ്രത്യേക പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ